## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ.റ്റി.വി. IAS)

**ഉത്തരവ് നം. E8/8425/2020(1)** തീയതി:15..6..2020

വിഷയം :വനിതാ ശിശുവികസന വകുപ്പ് - ഡയറക്ടറേറ്റ് – ജീവനക്കാര്യം 28..2..1993 മുതൽ 31..10..2001 വരെ ജോലിയിൽ പ്രവേശിച്ച ICDS സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് – ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സാമൂഹ്യനീതി ഡയറക്ടറുടെ 28/7/2007 ലെ E9/18816/06/DSW നമ്പർ നടപടിക്രമങ്ങൾ.

2. സാമൂഹ്യനീതി ഡയറക്ടറുടെ 31/05/2019 ലെ E9/6121/19/ നമ്പർ ഭേദഗതി ഉത്തരവ്.

3. ശ്രീമതി പുഷ്പലത.S, ശ്രീമതി ബിന്ദു.കെ.എ. എന്നീ സൂപ്പർവൈസർമാർ സമർപ്പിച്ച പ്രൊബേഷൻ ഡിക്ലറേഷൻ സർട്ടിഫിക്കറ്റുകൾ.

4. ശ്രീമതി സൂസൻജോസഫ് (ICDS സൂപ്പർവൈസർ) സമർപ്പിച്ച അപേക്ഷ.

സാമൂഹ്യനീതി വകുപ്പിൽ 28/2/1993 മുതൽ 31/10/2001 വരെ ICDS സൂപ്പർവൈസർ തസ്തികയിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പരാമർശം (2) പ്രകാരം ആയതിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ യഥാക്രമം 469, 477 എന്നിവ പ്രകാരം ഉൾപ്പെട്ടിട്ടുള്ള സൂപ്പർവൈസർമാരായ ശ്രീമതി പുഷ്പലത.എസ്, ശ്രീമതി ബിന്ദു.കെ.എ എന്നിവർ പ്രൊബേഷൻ കാലയളവിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതായി ടിയാളുടെ സർവ്വീസ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

മേൽ പ്രകാരം ശ്രീമതി പുഷ്പലത 31/5/2001 ICDS തസ്തികയിൽ പ്രവേശിച്ചുവെങ്കിലും പ്രൊബേഷൻ കാലയളവിൽ 23/9/2001 മുതൽ വിവിധ കാലയളവുകളിലായി 13/12/2005 വരെ ശൂന്യവേതനാവധിയിലായിരുന്നു. ശൂന്യവേതനാവധിയ്ക്കു ശേഷം ഫ്രഷ് എൻഡ്രൻസ് ആയി 14/12/2005 ൽ തിരികെ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി പുഷ്പലതയുടെ പ്രൊബേഷൻ 14/12/07 ലാണ് പൂർത്തീകരിച്ച് ഉത്തരവായിട്ടുള്ളത്.

അപ്രകാരം ICDS സൂപ്പർവൈസറായ ശ്രീമതി ബിന്ദു.കെ.എ 30/5/2001 ൽ തസ്തികയിൽ പ്രവേശിച്ചെങ്കിലും, പ്രൊബേഷൻ കാലയളവിൽ 18/6/2001 മുതൽ 26/4/2006 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നു. അതിനു ശേഷം 27/4/2006 ൽ ഫ്രഷ് എൻട്രൻസ് ആയി സർവ്വീസിൽ പ്രവേശിച്ച ടിയാൻ 27/4/2008 ൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 14/12/2005ൽ ഫ്രഷ് എൻട്രന്റ് ആയി തിരികെ ജോലിയിൽ പ്രവേശിച്ച ശ്രീമതി പുഷ്പലത.എസ് നെയും, 27/4/2006 -ൽ ഫ്രഷ് എൻട്രന്റ് ആയി തിരികെ ജോലിയിൽ പ്രവേശിച്ച ശ്രീമതി ബിന്ദു.കെ.എ.യെയും പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ അർഹതയില്ല. ആയതിനാൽ മേൽ സൂപ്പർവൈസർമാരെ ICDS സൂപ്പർവൈസർമാരുടെ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

കൂടാതെ പരാമർശം (1) ലെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 504 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി സൂസൻ ജോസഫ്.കെ.യുടെ പേര് സൂസൻ പോൾവിതയത്തിൽ എന്നാക്കി മാറ്റി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും, അതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്തണമെന്നും ആവശ്യപ്പെട്ട് ശ്രീമതി സൂസൻ ജോസഫ് ആധികാരിക രേഖകൾ സമർപ്പിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ ക്രമ നം.504 ൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരിയുടെ പേര് സൂസൻപോൾ വിതയത്തിൽ എന്ന് തിരുത്തിയും ഉത്തരവാകുന്നു.

ടി സാഹചര്യത്തിൽ മേൽ പരാമർശ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്

**വനിതാ ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(കാര്യാലയ മേധാവി മുഖേന)

**പകർപ്പ്**

1. എല്ലാ കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട് ഐ.റ്റി സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്